അണ കെട്ടുന്നതോ പൊട്ടുന്നതോ പ്രശ്നം?

കേരളീയം ചർച്ച തുടരുന്നു....

**മുല്ലപ്പെരിയാർ തർക്കത്തെ തുടർന്ന് തമിഴ്നാട് – കേരള അതിർത്തിയിലെ പ്രധാന പട്ടണമായ കുമിളിയിൽ നാളുകളായി സംഘർഷാവസ്ഥ തുടരുകയാണ്. അതിർത്തികളിലെ സ്നേഹഭാഷണങ്ങൾ നഷ്ടമാകുന്നതിന്റെ ഭീതി പങ്കുവയ്ക്കുന്നു വർഷങ്ങളായി തമിഴും മലയാളവും കൈകോർക്കുന്ന കുമിളിയിൽ താമസിക്കുന്ന**

**ബിനു.എം. പള്ളിപ്പാട്**

# അതിർത്തിയിലെ പ്രേമം അണയാതെ കാക്കണേ

**അതിർത്തികൾ** സംസ്കാരങ്ങളുടെ അഴിമുഖങ്ങളാണ്. അകലങ്ങളെക്കുറിച്ചും അയലിനെ കുറിച്ചുമുള്ള തിരിച്ചറിവും. എക്കാലത്തേയും മനുഷ്യരുടെ അതിര് അത് കാത്തു സൂക്ഷിക്കുന്നു. അപരിചിതത്വങ്ങളുടെയും ഇഷ്ടങ്ങളുടെയും വന്യതകളുടേയും അപരത്വങ്ങളുടെയും അലീനമായൊരു രേഖ ഒരശരീരി പോലെ അവിടങ്ങളിലെ മനുഷ്യരേയും പ്രകൃതിയേയും ചൂഴ്ന്ന് നിൽക്കുന്നു. ഭൂമിയിലെ എക്കാലത്തേയും തർക്കങ്ങളും ദുരന്തങ്ങളും അതിലുൾച്ചേർന്നിരുന്നു. പലമകളുടെ സദുദ്ദേശ്യത്തിനായ് ദൈവം നടത്തിയ ഒരു നിക്ഷേപം കൂടിയാണതെങ്കിലും. നൂറ്റാണ്ടുകൾക്ക് പിറകിലേക്ക് ചരിത്രത്തിന്റെ സഹായത്തോടുകൂടി ഓർമ്മയെ ഒന്ന് പായിച്ചാൽ അത് വികസിച്ചു വന്നതിന്റെ പിന്നോട്ടഴിയൽ നമുക്ക് കാണാം. അധിക ഉത്സവങ്ങൾ നമ്മുടെ സന്തോഷത്തിലേക്ക് പാരസ്പര്യപ്പെടുത്തുന്നു. ഒരിടത്ത് നിന്നും പൊങ്കൽ ഇങ്ങോട്ടുവരുമ്പോൾ ഇവിടെ നിന്നും ഓണം അങ്ങോട്ട് ചെല്ലുന്നു. നാനാത്വം എന്നത് അപരിചിത വിരുന്നുകാരൻ മറ്റൊരു പ്രകൃതിയിലേക്ക് അവൻ ജീവിച്ച് തീർത്ത തെളിവുകൾ എറിയുമ്പോലെ പരസ്പരം ചെന്ന് കൊള്ളുന്നു, കൊടുക്കുന്നു. സ്നേഹത്തിന്റേയും സമതയുടേയും ചെടിമാടുത്സവങ്ങളും വിത്തിന്റേയും കൃഷിയുടേയും സമചിത്തതയുടേയും ഋതുക്കളും തമ്മിൽ പരിചയപ്പെടാൻ വിടുന്നു. ബന്ധങ്ങളിൽ ലയിക്കുന്നു. സ്പർശങ്ങളിൽ അലീനമാകുന്നു. ഭാഷയിൽ സംഗീതം കേൾപ്പിക്കുന്നു. പ്രേമത്തിൽ ഉയിർക്കുന്നു. അങ്ങനെ അപരിചിതമായ സംസ്കാരങ്ങൾ തമ്മിൽ, രുചികൾ തമ്മിൽ സാധകം ചെയ്തുചെയ്ത് തനിമയെ പ്രബലപ്പെടുത്തി മാനവികതയിലേക്ക് പൂക്കളായ് സ്വയം അർപ്പിക്കുന്നു. ഇത്രയുമൊക്കെ ഇടുക്കി ജില്ലയിലെ മൂന്ന് അതിരുകളെക്കുറിച്ചുള്ള ഒരു പതിറ്റാണ്ടിന്റെ അറിവനുഭവങ്ങളാണ്.

ഒരു കൊളോണിയൽ അധികാര ദുരുപയോഗത്തിന്റെയും അധീശത്വത്തിന്റെയും ഭിന്നിപ്പിച്ച് ഭരിക്കുക എന്ന യുക്തിയുടേയും സ്ഥാപിത താൽപര്യങ്ങളുടേയും കീറാമുട്ടിയായ മുല്ലപ്പെരിയാർ ഡാം ആണ് അവർ – നമ്മൾ, തമിഴർ – മലയാളി എന്നീ ദ്വന്ദങ്ങളിലേക്കുള്ള വേർപിരിയലായി ഇപ്പോൾ കുമിളിയെ മാറ്റിയിരിക്കുന്നത്. വീരത്ത

ത്തിന്റേയും പാതിവ്രത്യത്തിന്റെയും ദുർബലമായ വികാരങ്ങളെ ഭാഷ എന്ന ഒറ്റവാക്കിൽക്കൊണ്ട് കെട്ടി രാഷ്ട്രീയ ഇരകളാക്കപ്പെട്ടവർ ഒരു വശത്ത്. സ്വകാര്യസ്വത്തുടമസ്ഥതയും സോഷ്യലിസവും അങ്ങേയറ്റം നാറിയ ജാതിരാഷ്ട്രീയവും കൂട്ടിക്കലർത്തി കോർത്തെടുത്ത മറുവശത്തെ മറ്റൊരു വിഭാഗവും ചേർന്നാണ് ഈ ഹീനവും യുക്തിരഹിതവുമായ ചേരിതിരിവിന് വഴിയൊരുക്കുന്നത്.

നൂറ്റാണ്ടുകൾക്ക് മുമ്പ് വരണ്ട താണയിലെ (പാലൈ) നിലങ്ങളുടെ ദുരവസ്ഥയെ ബ്രിട്ടീഷ് യുക്തി കൈകാര്യം ചെയ്തതിലെ യുക്തിയില്ലായ്മയെക്കുറിച്ച്, മുല്ലപ്പെരിയാർ പ്രശ്നത്തിന്റെ പശ്ചാത്തലത്തിൽ വിരലിലെണ്ണാവുന്ന ചിലർ നടത്തിയ അന്വേഷണങ്ങളിലൂടെ സ്ഥാപിച്ചെടുത്ത അഭിപ്രായങ്ങളും ആലോചനകളുമാണ് വംശഭീതിയുണർത്തുന്ന അതിർത്തി തർക്കങ്ങളിലേക്കും ഭാഷകൾ തമ്മിലുള്ള മേൽകോയ്മയിലേക്കും വ്യാപിച്ചിരിക്കുന്നത്.

ഒരുകാലത്ത് വന്യതയും ഭീതിയും ഇടതൂർന്ന, ശാസ്ത്രീയമായ അന്വേഷണങ്ങൾക്കപ്പുറത്തെ പ്രിമിറ്റീവ് കാലാവസ്ഥയിലേക്ക് ഉറുമ്പുകളെപ്പോലെ മനുഷ്യർ സ്വസ്ഥതകളുടെ കൂടുവെക്കാനായ് ചേക്കേറിയിരുന്ന സ്ഥലമാണ് കുമിളി. രണ്ട് വിതാനങ്ങളിൽനിന്നും രണ്ട് ഉയരങ്ങളിൽനിന്നും രണ്ട് കാലാവസ്ഥയിൽനിന്നുമുള്ളവരുടെ ഒരേ ഉദ്ദേശ്യത്തോടുകൂടിയുള്ള ഒരു വരവ്. അതിന് ഒരു തരം ട്രോപ്പിക്കൽ മുറ്റ് ഇരു കൂട്ടരും പുലർത്തിപ്പോന്നു. മോഷണവും കൊള്ളയും കുലത്തൊഴിലായി ചില സ്വീകരിച്ചവരും കുമളിയിൽ വിരളമല്ല. കുമിളിയിലെ ചില നക്ഷത്ര ഹോട്ടലുകൾ അങ്ങനെയുള്ളവരെ കണ്ടെത്തി ലോവർ ക്യാമ്പ് മുതൽ ആണ്ടുപ്പട്ടി വരെ കാളവണ്ടിയത്ര തരപ്പെടുത്തി വിദേശികളെ കാർഷിക വ്യത്തി പരിചയപ്പെടുത്തിക്കൊടുക്കുന്നതിനായി ഉപയോഗിക്കുന്നുണ്ട്. ഗത്യന്തരമില്ലാതെ വന്നവർ അദ്ധ്വാനത്തെ വിയർപ്പ് കണങ്ങളാക്കി ഒഴുക്കി, സ്വന്തം അതിര് തിരിച്ച് പ്രകൃതിയുടെ ഈ അത്യപൂർവ്വമായ അത്ഭുതത്തെ ഒരു മര്യാദയും കാണിക്കാതെ കീഴ്പ്പെടുത്തി. ഏലവും കുരുമുളകും കാപ്പിയും അടക്കമുള്ള ലോകത്തിന്റെ തന്നെ രുചിനിർണ്ണയിക്കുന്ന ഒരു ജില്ലയായി ഇടുക്കി മാറി.



**ഒരു തോട്ടത്തിൽ തന്നെ ജമന്തിയും പുളിയും പഞ്ഞിമരവും കറിവേപ്പിലയും വളർത്തുന്ന ഒരു തങ്കമയിലണ്ണന്റെ ചിരി കഴിഞ്ഞ ദിവസം എന്നെ കണ്ടപ്പോൾ വാടിയതിന്റെ രാഷ്ട്രീയം ചെറുതായി കാണേണ്ടകാര്യമല്ല**

പാലക്കാട് നിന്നും സംഗീതവും, കുമളി കമ്പംമെട്ട്, ബോഡിമെട്ട് തുടങ്ങി അതിർത്തി റോഡുകളിൽ നിന്ന് പച്ചക്കറികളും പഴങ്ങളും പലഹാരസാധനങ്ങളും നാഗർകോവിൽ വഴി കന്യാകുമാരി ജില്ലയിൽനിന്ന് സാഹിത്യവും മലയാളികളുടെ നിർണ്ണായകമായ അഭിരുചികളെ നിർണ്ണയിച്ചു. തിരിച്ചും ഇതേ വഴികളിലൂടെ കുറവെങ്കിലും പ്രത്യഭിവാദ്യങ്ങളുടെ പ്രതിനിധാനങ്ങളുണ്ടായി.

കുമളി ചെക്ക് പോസ്റ്റുവഴി താഴേക്ക്, ലോവർ ക്യാമ്പുവഴി തേനിവരെയുള്ള ഒരൊറ്റ യാത്രകൊണ്ട് നമുക്ക് മണ്ണും മനുഷ്യനും തമ്മിലുള്ള ബന്ധങ്ങളുടെ ആഴം അറിയാൻ സാധിക്കും. നമ്മൾ മുല്ലപ്പെരിയാറിൽ നിന്നുകൊടുക്കുന്ന വെള്ളം അവരുടെ ജീവിതത്തെയും പ്രതീക്ഷകളേയും നനക്കുന്നതിന്റേയും കുരുക്കുന്നതിന്റേയും ജൈവികത എത്ര കണ്ടുനിന്നാലും മതിവരാത്തവയാണ്. ഒരു തോട്ടത്തിൽ തന്നെ ജമന്തിയും പുളിയും പഞ്ഞിമരവും കറിവേപ്പിലയും വളർത്തുന്ന ഒരു തങ്കമയിലണ്ണന്റെ ചിരി കഴിഞ്ഞ ദിവസം എന്നെ കണ്ടപ്പോൾ വാടിയതിന്റെ രാഷ്ട്രീയം ചെറുതായി കാണേണ്ടകാര്യമല്ല. ഈ രാഷ്ട്രീയം മനസിലാവാത്ത നമ്മൾ, സ്വസ്ഥതയും മട്ടുപ്പാവും വീട്ടുമുറ്റത്തെ ഷട്ടറിട്ട കടയിൽ റിട്ടയറായി ചെറുകിട വ്യാപാരവും നടത്തിക്കഴിയുന്ന നമ്മൾ തിരിച്ചറിയേണ്ടതുണ്ട്. ഭൂമി കുലുക്കവും വൃഷ്ടിപ്രദേശവും ചാനൽ പരിഷകളും കേരള കോൺഗ്രസും അവരുടെ രാഷ്ട്രീയ ഡാമും ഇപ്പോൾ വേനൽക്കാല വിശ്രമത്തിന്റെ നിഴലുകളിലാണ്. അവരുണ്ടാക്കിയ രാഷ്ട്രീയ സ്പർദ്ദ നമ്മുടെ യുക്തിയിൽ ഏൽപ്പിച്ച ആശയക്കുഴപ്പങ്ങളുടേയും ആർത്തി രാഷ്ട്രീയത്തിന്റെയും പെരുക്കങ്ങൾ ഇനിയും തീർന്നിട്ടില്ല. അടുത്ത മൺസൂൺ കാലം വരെ നമ്മൾവീണ്ടും സ്വസ്ഥരായി കഴിഞ്ഞു. അതവരെ നമ്മുടെ ചേനത്തണ്ടൻ രാഷ്ട്രീയം മെലോഡ്രാമകളുടെ പിന്നാമ്പുറങ്ങളിൽ ഒന്നുമറിയാത്തവരെപ്പോലെ പല്ലിളിച്ച്, മേനിനടിച്ച് മുഖം മിനുക്കി മനുഷ്യത്വത്തിന് കുറുകെ അധികാരത്തിലേക്ക് കണ്ണുംനട്ട് കിടക്കും.

പാലും പ്ലാസ്റ്റിക്കും പടക്കവും പോത്തും കൈലിയും കർപ്പൂരവും കായവും ഗ്രാമസ്വരാജുകൾ തന്നെയാണ്. അവ നമ്മുടെ അയ്യപ്പനും റബ്ബറിനും മധ്യവർഗ്ഗ പുച്ഛത്തിനും അപ്പുറത്തുള്ള നിത്യജീവിതത്തിലേക്ക് വന്ന് ചൂഴ്ന്ന് നിൽക്കുകതന്നെ ചെയ്യും.